മായ പ്രവൃത്തികൾ മാത്രം വനഭൂമിയിൽ നടപ്പിലാക്കുക, പരിസ്ഥിതിക്കനുയോജ്യമായ വിധത്തിൽ താൽക്കാലികമായ കെട്ടിട നിർമ്മാണങ്ങൾ നടത്തുക, ഉപഭോക്തൃ ഏജൻസിയിൽ നിന്നും എൻ. പി. വി. (*നെറ്റ് പ്രസന്റ് വാല്യൂ*) തുക ഈടാക്കുക, സസ്യജാലങ്ങൾക്ക് നശീകരണമുണ്ടാക്കാതിരിക്കുക തുടങ്ങിയ വ്യവസ്ഥകൾക്ക് വിധേയമായാണ് വനഭൂമി ലഭിച്ചിട്ടുള്ളത്.

(സി) ശബരിമല തീർത്ഥാടകരുടെ സൗകര്യം കണക്കിലെടുത്ത് നിലയ്ക്കലിൽ പാർക്കിംഗ് സൗകര്യം, ശുദ്ധജലവിതരണം, ടോയ്‌ലറ്റ് സൗകര്യം, ബേസ് ക്യാമ്പുകൾ, ആശുപത്രി, ഫയർ സ്റ്റേഷൻ, ഭക്തജനങ്ങളുടെ താമസ സൗകര്യം, ടെലികോം സെന്റർ തുടങ്ങിയവയ്ക്ക് പദ്ധതിയുണ്ട്. പെരിയാർ ടൈഗർ റിസർവ്വ് ഏരിയായിൽ നിന്നും ലഭിച്ച ഭൂമിയിൽ ക്യൂ കോംപ്ലക്സ്, നടപ്പാത വീതി കൂട്ടുക, നടപ്പാതയിലെ കുടിവെള്ള വിതരണം, കാർഡിയോളജി സെന്റർ വിപുലീകരണം, ഖര മാലിന്യ നിർമ്മാർജ്ജനം, മാലിന്യ സംസ്കരണം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ശബരിമല വികസനകത്തിന് ലഭ്യമായ വനഭൂമിക്ക് പകരം ഇടുക്കി ജില്ലയിലെ കമ്പക്കല്ലിൽ 305 ഏക്കർ റവന്യൂ പുറമ്പോക്കുഭൂമി നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് തുകയൊന്നും ചെലവായിട്ടില്ല.

ഖാദി ബോർഡിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം

14 [*98] ശ്രീ. പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മോയിൻകുട്ടി:
,, സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുന്നതിനായി ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ വായ്പ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) ഉണ്ട്.

(ബി മാർജിൻ മണി പദ്ധതി. (ഗ്രാമീണ തൊഴിൽദാന പദ്ധതി)

(സി) മാർജിൻ മണി പദ്ധതി മുഖേന വായ്പ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡം താഴെപ്പറയുന്നവയാണ്:

(1) പഞ്ചായത്ത് പ്രദേശങ്ങളിൽ പുതുതായി ആരംഭിക്കുന്ന ഗ്രാമവ്യവസായ യൂണിറ്റുകൾക്ക് മാത്രമേ വായ്പ ലഭിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

(2) കെട്ടിടം, മെഷിനറി എന്നിവയ്ക്ക് മുടക്കുന്ന തുകയുടെ ഓരോ 50,000 രൂപയ്ക്കും ഒരാൾക്ക് തൊഴിലവസരം പ്രദാനം ചെയ്യുന്നതും, ഖാദി കമ്മീഷന്റെ നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്തവയുമായ വ്യവസായങ്ങളും ആയിരിക്കണം.

(3) പരമാവധി പ്രോജക്ട് തുക 25 ലക്ഷം രൂപ ആയിരിക്കണം. 10 ലക്ഷം രൂപ വരെ 25 ശതമാനവും അതിന് മുകളിലുള്ള തുകയ്ക്ക് 10 ശതമാനവും പലിശ ഈടാക്കുന്നതാണ്.

(4) വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സംഘങ്ങൾ, ട്രസ്റ്റുകൾ, സ്വയം സഹായസംഘങ്ങൾ എന്നിവയ്ക്ക് ബാങ്ക് അംഗീകരിക്കുന്ന പ്രോജക്ടിന്റെ നിശ്ചിത ശതമാനം (25 ശതമാനം മുതൽ 30 ശതമാനം വരെ) മാർജിൻ മണി ഗ്രാന്റ് ലഭിക്കും. പാർട്ട്ണർഷിപ്പ്, പ്രൈവറ്റ് കമ്പനികൾ, സംയുക്ത സംരംഭങ്ങൾ എന്നിവ പാടില്ല. ഒരു കുടുംബത്തിൽ ഒരാൾക്ക് മാത്രമേ പദ്ധതിപ്രകാരം വായ്പ അനുവദിക്കുകയുള്ളൂ.

(5) മാംസം അസംസ്കൃത വസ്തുവായുള്ള വ്യവസായങ്ങൾ, ലഹരി പദാർത്ഥങ്ങളുടെ ഉൽപ്പാദനം, വിപണനം, കൃഷി, കന്നുകാലി വളർത്തൽ, പന്നി വളർത്തൽ, ഹോർട്ടിക്കൾച്ചർ, ഫ്ളോറിക്കൾച്ചർ, മൽസ്യ-വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയവ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾ, റൂറൽ ട്രാൻസ്പോർട്ട് എന്നീ വ്യവസായങ്ങൾക്ക് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതല്ല.

(6) പ്രോജക്ട് തുകയുടെ 10 ശതമാനം സംരംഭകരുടെ സ്വന്തം വിഹിതമായി വായ്പയെടുക്കുന്ന ബാങ്കിൽ മുൻകൂറായി നിക്ഷേപിച്ചിരിക്കേണ്ടതാണ്. പട്ടികജാതി/പട്ടിക വർഗ്ഗങ്ങൾ, വനിത, പിന്നോക്ക വിഭാഗം, മതന്യൂനപക്ഷം, വിമുക്തഭടൻമാർ, വികലാംഗർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് 5 ശതമാനം മതിയാകും.

(7) സംരംഭകർ നിശ്ചിത സമയപരിധിക്കുള്ളിൽ ഖാദി കമ്മീഷന്റെ മേൽനോട്ടത്തിൽ സംരംഭകത്വ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.

(8) ബാങ്ക് വായ്പയുടെ ഒന്നാം ഗഡു സ്വീകരിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്ന മുറയ്ക്ക് അർഹമായ മാർജിൻ മണി പൂർണമായും വ്യവസായ സംരംഭകന്റെ പേരിൽ വായ്പ നൽകുന്ന ബാങ്കിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുന്നതാണ്. യൂണിറ്റ് തൃപ്തികരമായി പ്രവർത്തിക്കാതിരിക്കുകയോ നിശ്ചിത തൊഴിലവസരം നൽകാതിരിക്കുകയോ ചെയ്യുന്നപക്ഷം മാർജിൻ മണി ഗ്രാന്റ് തിരിച്ചടയ്ക്കേണ്ടതാണ്.

(9) സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമവികസന ബാങ്കുകൾ, ദേശസാൽകൃത ബാങ്കുകളായ ബാങ്ക് ഓഫ് ബറോഡ, ഇന്ത്യൻ ഓവർസീസ് ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇന്ത്യൻ ബാങ്ക്, പഞ്ചാബ് നാഷണൽ ബാങ്ക് എന്നിവയിലേതിലെങ്കിലും നിന്നായിരിക്കണം വായ്പയെടുക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly